**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1396** **18-01-2021 - ൽ മറുപടിയ്ക്ക്**

**റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. 1. തിരുവനന്തപുരം ജില്ലയിൽ നദികളുടെ റിവർ ബാങ്ക് ഡവലപ്പ്മെന്റ് പ്ലാനിന്റെ ഭാഗമായി രണ്ടാം ഘട്ട റിവർ ബാങ്ക് മാപ്പിംഗ് & സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിന് ഐ.എൽ.ഡി.എം ഡയറക്ടർക്ക് 5,00,000/- രൂപ അനുവദിച്ചു. 2. തിരുവനന്തപുരം ഐ.എൽ.ഡി.എം കേന്ദ്രമായി നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന റിവർ മാനേജ്മെന്റ് സെന്ററിന് 1,23,956/- രൂപ അനുവദിച്ചു 3. തിരുവന്തപുരം നഗരസഭയിലെ കരമന, തമലം ചുള്ളമുക്കിന് സമീപം തോപ്പ തോടിന്റെ വലതുകരയുടെ സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ചതിന് വൻകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 13,57,325/- രൂപ അനുവദിച്ചു. 4. കേരള സർവ്വകലാശാലയിലെ കോളേജുകളിലെ എൻ.എസ്.എസ് ശാഖകളെ ഉപയോഗിച്ചു കൊണ്ട് വാമനപുരം നദിയുടെ സംരക്ഷണ ബോധവത്കരണ പ്രവർത്തനം നടത്തുന്നതിന് ഐ.എൽ.ഡി.എം ഡയറക്ടർക്ക് 4,06,400/- രൂപ അനുവദിച്ചു. 5. നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിലെ ആട്ടറമൂല മണലി തോടിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ച പ്രവൃത്തി 4,07,100/- രൂപ അനുവദിച്ചു. |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ? | (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പ്രവൃത്തി | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം ജില്ലയിലെ നദികളുടെ റിവർ ബാങ്ക് ഡെവലപ്പ്മെന്റ് പ്ലാനിന്റെ ഭാഗമായി രണ്ടാം ഘട്ട റിവർ ബാങ്ക് മാപ്പിംഗ് & സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിന് ഐ.എൽ.ഡി.എം ഡയറക്ടർക്ക് അനുവദിച്ച തുക | 5,00,000/- |
| 2 | തിരുവനന്തപുരം ഐ.എൽ. ഡി.എം കേന്ദ്രമായി നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന റിവർ മാനേജ്മെന്റ് സെന്ററിന് അനുവദിച്ച തുക | 1,23,956/- |
| 3 | തിരുവനന്തപുരം നഗരസഭയിലെ കരമന, തമലം ചുള്ളമുക്കിന് സമീപം തോപ്പുതോടിന്റെ വലതുകരയുടെ സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ചതിന് വൻകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ച തുക | 13,57,325/- |
| 4 | കേരള സർവ്വകലാശാലയിലെ കോളേജുകളിലെ എൻ.എസ്. എസ് ശാഖകളെ ഉപയോഗിച്ച് കൊണ്ട് വാമനപുരം നദിയുടെ സംരക്ഷണ ബോധവത്കരണ പ്രവർത്തനം നടത്തുന്നതിന് ഐ.എൽ.ഡി.എം ഡയറക്ടർക്ക് അനുവദിച്ച തുക | 4,06,400/- |
| 5 | നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിലെ ആട്ടറമൂല മണലി തോടിന്റെ സംരക്ഷണഭിത്തി പുനർ നിർമ്മിച്ച പ്രവൃത്തി | 4,07,100/- |
| | ആകെ | 27,94,781/- |

മുകളിൽ പരാമർശിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.